# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരീപ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P6/2251/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 22/03/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരീപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KLM/P6/2251/22 തീയ്യതി: 22/03/2023

## കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-10-2021 മുതൽ 31-08-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 21-11-2022 | 29-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-11-2022 | 29-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അബ്ദുൾ റഹ്മാൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ബാലകൃഷ്ണപിള്ള.ബി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ജലജ ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി സൈറ റാണി കുഞ്ഞ് | വെറ്റിനറിസർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി അനശ്രീ | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രഭ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സോഫ്ജി.എസ് ഭദ്രൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ.ബോബി.എം.ഐ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ. ബിഷ്ണു മായാ സുധാകരൻ | വി.ഇ.ഒ 1 | 01-04-2021 | 31-03-2022 |
| ശ്രീമതി പുഷ്പ സി.കെ | വി.ഇ.ഒ 2 | 01-04-2021 | 31-03-2022 |
| ശ്രീമതി സീന എസ് | കൃഷി ഓഫീസർ | 01-04-2021 | 26-10-2021 |
| ശ്രീ സജീവ് | കൃഷി ഓഫീസർ | 27-10-2021 | 31-03-2022 |
| ഡോ.സുനിത ഹരിലാൽ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീമതി അനിത | അക്രെഡിറ്റഡ് എഞ്ചിനീയർ MNREGS | 01-04-2021 | 20-06-2021 |
| ശ്രീമതി അഞ്ജു | അക്രെഡിറ്റഡ് എഞ്ചിനീയർ MNREGS ഇൻ ചാർജ്ജ് | 21-06-2021 | 18-07-2021 |
| ശ്രീമതി അനിത | അക്രെഡിറ്റഡ് എഞ്ചിനീയർ MNREGS | 19-07-2021 | 13-12-2021 |
| ശ്രീമതി അഞ്ജു | അക്രെഡിറ്റഡ് എഞ്ചിനീയർ MNREGS ഇൻ ചാർജ്ജ് | 14-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധന | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വസ്തുനികുതി-അനർഹമായ ഇളവ് നൽകി | 1-11 |
| 13 | തൊഴിൽനികുതി | 1-12 |
| 14 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-13 |
| 15 | തെരുവ് വിളക്ക് പരിപാലനം -മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-14 |
| 16 | മണ്ണ് നിറക്കൽ പ്രവൃത്തി:കരാറുകാരന്റെ മണ്ണ് നിറച്ചതിൽ Consolidation കുറവ് വരുത്തിയില്ല. | 1-15 |
| 17 | കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു - അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല | 1-16 |
| 18 | ഒഴിഞ്ഞ ബാരലിന്റെ വില 1686/-രൂപ ഈടാക്കണം | 1-17 |
| 19 | ദേശീയ തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-18 |
| 20 | കന്നുകുട്ടി പരിപാലന പദ്ധതി-സബ്സിഡി തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല | 1-19 |
| 21 | ലൈഫ് ഭവന നിർമ്മാണ പദ്ധതി- വീടുകൾ പൂർത്തീകരിച്ചില്ല. | 1-20 |
| 22 | MGNREGS-റോഡ് കോൺക്രീറ്റിങ് പ്രവൃത്തി-അളവിൽ കുറവ്. | 1-21 |
| 23 | കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ ഭീമമായ തുക ഒടുക്കു വരുത്തുന്നു | 1-22 |
| 24 | ഭവന പുനരുദ്ധാരണം (എസ്.സി) വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിരക്കിനേക്കാൾ അധികം തുക അനുവദിച്ചു. | 1-23 |
| 25 | ദേശീയ തൊഴിലുറപ്പ് പദ്ധതി-M-BOOK പ്രകാരം മൂല്യം കണക്കാക്കിയതിലും അധികമായി ബിൽ തുക സെക്രട്ടറി അംഗീകരിച്ചു. | 1-24 |

| | | |
|---|---|---|
| 26 | നിർവ്വഹണാധികാരികൾ പദ്ധതികളുടെ നിർവ്വഹണം നടത്താത്തത് സംബന്ധിച്ച്. | 1-25 |
| 27 | ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-26 |
| 28 | മിനി എം.സി.എഫ്-പദ്ധതി പൂർത്തീകരണം വൈകുന്നു-10,00,000/-രൂപായുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മണ്ണ് നിറക്കൽ പ്രവൃത്തി:4,100/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-1 |
| 2 | ഭവന പുനരുദ്ധാരണം (എസ്.സി) വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിരക്കിനേക്കാൾ അധികം തുക അനുവദിച്ചു. | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

22/02/2021 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 25/02/2022 തീയതിയിലെ 3(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 26-05-2022 | - | |

### 1-2-1 വാർഷികധനകാര്യപത്രിക പരിശോധന

1. 31-3-2022 ലെ ജി.ഒ(ആർ.ടി)2617 ധന. ഉത്തരവ് പ്രകാരം എസ്.സി.പിയിനത്തിൽ ലഭിച്ച 1,89,657/-രൂപ, മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ ലഭിച്ച 49,562/-രൂപ, മെയിന്റനൻസ് ഗ്രാന്റ് നോൺറോഡിനത്തിൽ ലഭിച്ച 4,26,043/-രൂപ എന്നീ തുകകൾ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ആസ്തിമൂല്യങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

3. ക്ലോസിങ്ങ് സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. ലൈഫ് പദ്ധതിയുടെ ലോൺ ചെലവ് തുക പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസായി ഉൾപ്പെടുത്തിയിട്ടില്ല.

5. വസ്തു നികുതി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും വാർഷികകണക്ക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6. മാർക്കറ്റ് ഫീസിനത്തിൽ 2022-23 ലെ അഡ്വാൻസ് ആയി ലഭിച്ച 2,22,500/-രൂപ 2021-22 ലെ വരവായി എ.എഫ്.എസിൽ ഉൾപ്പെടുത്തിയതിനാൽ എ.എഫ്.എസിലെ ഡിമാന്റ്, കളക്ഷൻ തുകകൾ ₹2,22,500/- ന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. (യഥാർത്ഥ ഡിമാന്റ്, കളക്ഷൻ 3,12,000/-രൂപ, എ.എഫ്.എസ് പ്രകാരം ഡിമാന്റ്, കളക്ഷൻ 5,34,500/-രൂപ).

7. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് വർക്കുകൾക്കായി ഒടുക്കിയിട്ടുള്ള തുക 16,31,200/-രൂപ (300000 + 1331200) ആണെങ്കിലും എ.എഫ്.എസിൽ 19,31,200/-രൂപ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

8. സാമൂഹ്യനീതി വകുപ്പിൽ നിന്നും അംഗൻവാടികൾക്ക് നെയിം ബോർഡുകൾ സ്ഥാപിക്കുന്നതിനായി ലഭിച്ച 45,000/-രൂപയുടെ വരവും ചെലവും എെ.സി.ഡി.എസ്. സെൻട്രൽ ഷെയറിന്റെ വരവും ചെലവുമായാണ് എ.എഫ്.എസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

9. വി.ഇ.ഒ. നിർവ്വഹണം നടത്തിയ പ്രോ.നം 180/22 (ചെലവഴിച്ച തുക 9,40,000/-രൂപ), സെക്രട്ടറി നിർവ്വഹണം നടത്തിയ 167/17 (ചെലവഴിച്ച തുക 2,22,875/-രൂപ) എന്നിവ സുലേഖ സ്റ്റേറ്റ്മെന്റിലുൾപ്പെട്ടിട്ടില്ല.

10. സെക്രട്ടറി നിർവ്വഹണം നടത്തിയ 166/22 പ്രോജക്റ്റ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ചെലവഴിച്ച തുക 1,10,200/-രൂപ സുലേഖ സ്റ്റേറ്റ്മെന്റിലുൾപ്പെട്ടിട്ടില്ല.

11. 2021-22 ൽ ആശ്രയ പദ്ധതിക്ക് വേണ്ടി ലഭിച്ച തുക 12,93,600/-രൂപയാണ്. ടി തുക 2022-23 കാലയളവിലാണ് ചെലവ് ചെയ്ത് അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. എന്നാൽ എ.എഫ്.എസിൽ ആശ്രയ വരവായി 25,87,200/- രൂപയും ചെലവായി 12,93,600/- രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

12. ഓഡിറ്റ് റിക്കവറിയിനത്തിൽ 25665/-രൂപ വരവുണ്ടെങ്കിലും വാർഷികകണക്കിൽ 2,000/-രൂപ

മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,34,55,876/- രൂപ |
| വരവ് | 10,99,58,459/-രൂപ |
| ആകെ | 12,34,14,335/-രൂപ |
| ചെലവ് | 11,43,69,101/-രൂപ |
| നീക്കിയിരിപ്പ് | 90,45,234/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 26,637/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 36,35,847/-രൂപ |

1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ (ലാപ്പ്സായ തുക) (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,77,90,128/- | 1,77,90,128/- | 1,77,90,000/- | 128/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 78,59,000/- | 78,59,000/- | 78,58,843/- | 157/- |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 1,64,32,000/- | 1,64,32,000/- | 1,47,43,466/- | 16,88,534/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 68,96,178/- | 68,96,178/- | 47,33,523/- | 21,62,655/- |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (Tied) | 0 | 27,22,218 | 27,22,218 | 27,04,820 | 17,398/- |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) | 0 | 25,48,729/- | 25,48,729/- | 25,48,729/- | 0/- |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | |
| സമ്പൂർണ്ണശുചിത്വം | 5,17,111/- | - | 5,17,111/- | - | 5,17,111/- |
| ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ | 27,90,000 | 72,80,000/- | 1,00,70,000/- | 86,40,000 | 14,30,000/- |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ICDS | 3,96,684/- | 10,23,106/- | 14,19,790/- | 14,19,376/- | 414/- |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) | 0 | 49,69,000/- | 49,69,000/- | 41,16,802/- | 8,52,198/- |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) | 0 | 33,80,287/- | 33,80,287/- | 33,12,000/- | 68,287/- |
| MNREGS തൊഴിലാളികളുടെ കൂലി | 0 | 4,79,18,895/- | 4,79,18,895/- | 4,79,18,895/- | 0 |
| MNREGS അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 41249/- | 13,69,685/- | 14,10,934/- | 12,66,596/- | 1,44,338/- |
| TSC | 43,78,354/- | 1,80,000/- | 45,58,354/- | 26,32,336/- | 19,26,018/- |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 16,65,27,876/- | 169 | 8,06,40,739/- | | 25 | 48.4 % |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 41,249/- | 13,69,685/- | 14,10,934/- | 12,66,596/- | 1,44,338/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,79,18,895/- | 4,79,18,895/- | 4,79,18,895/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 3,360/- |
| കർഷകതൊഴിലാളി പെൻഷൻ | 25,59,400/- |
| വിധവാപെൻഷൻ | 1,88,85,200/- |
| വാർദ്ധക്യകാലപെൻഷൻ | 3,08,61,400/- |
| വികലാംഗപെൻഷൻ | 68,53,100/- |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 3,88,000/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 1,50,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-11-2022 തീയതിയിൽ 1 PM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,177/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ 31.03.2022 വരെ സാംഖ്യ രസീത് നൽകി സ്വീകരിച്ചു. തുടർന്ന് ILGMS മുഖേന വരവുകൾ സ്വീകരിച്ചുവരുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുണ്ട് .

പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാന സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

01.04.2022 മുതൽ പഞ്ചായത്തിൽ ILGMS പ്രാവർത്തികമാക്കിയതിനാൽ ഫ്രണ്ട് ഓഫീസ് ഡയറി അപ്രസക്തമാകുന്നു. എന്നാൽ അതുവരെയുള്ള കാലയളവിൽ ഡയറി എഴുതി സൂക്ഷിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പിൽ വരുത്തിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ, മെറ്റീരിയൽ സപ്ലൈ ചെയ്തതിന്റെ ബില്ലുകൾ അക്രഡിറ്റഡ് എഞ്ചിനീയറുടെ ശിപാർശ കൂടാതെ തന്നെ സെക്രട്ടറി പാസ്സാക്കുന്ന രീതി അനുവർത്തിക്കുന്നതായി കാണുന്നു. 2021-22 വർഷത്തിൽ 77 മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾക്കായി 2,34,81,737/- രൂപ ചെലവഴിച്ചതായി ഓഡിറ്റിന് ലഭ്യമാക്കിയ

രേഖകൾ വ്യക്തമാക്കുന്നു. എന്നാൽ പ്രവൃത്തികളുടെ അളവുകൾ M-book ൽ രേഖപ്പെടുത്തി കാണുന്നില്ല. ചെയ്ത പ്രവൃത്തികളുടെ അളവുകൾ കണക്കിലെടുക്കാതെ മസ്റ്റർ റോളിന്റെ അടിസ്ഥാനത്തിൽ മാത്രം പദ്ധതിപ്പണം ചെലവഴിച്ചു. ഇത് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രവൃത്തി സ്ഥലത്ത് കരാറുകാരൻ എത്തിക്കുന്ന മെറ്റീരിയലുകളുടെ അളവും ഗുണനിലവാരവും ഉത്തരവാദപ്പെട്ട ആരും തന്നെ പരിശോധിച്ച് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. അക്രഡിറ്റഡ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തോടുകൂടിയ ശിപാർശമേൽമാത്രം ബില്ലുകൾ പാസ്സാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

അപാകതകളിലേക്ക് പഞ്ചായത്തുഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/07/2022-21/07/2022 | 4/2021 – 6/2022 | 11/8/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1/1/2018 | 2012-13 To 2016-19 | 21.04.2018 |

## 1-11 വസ്തുനികുതി-അനർഹമായ ഇളവ് നൽകി

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ച.മി. | നിരക്ക് | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (₹) | 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക (₹) | റോഡിന്റെ വിവരം |
|---|---|---|---|---|---|---|---|---|
| 1 | 9 | 903 | മാനേജിംഗ് ഡയറക്ടർ സാഫിൽ ഇൻഡസ്ട്രീസ് | 237.47 | 40 | 9,498/- | 1,900/- | എഴുകോൺ-നെടുമൺകാവ് |
| 2 | 1 | 1236 | ബിജു വർഗ്ഗീസ് | 43.68 | 30 | 1,310/- | 262/- | നെടുമൺകാവ്-ആറുമുറിക്കട റോഡ് |
| 3 | 12 | 1159 | സുരേഷ് കുമാർ | 75.6 | 60 | 4,536/- | 907/- | നെടുമൺകാവ്-കുണ്ടറ |
| 4 | 12 | 1160 | സുരേഷ് കുമാർ | 75.6 | 60 | 4,536/- | 907/- | നെടുമൺകാവ്-കുണ്ടറ |
| | | | | | | ആകെ | 3,976/- | |

പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായി എൻക്വയറിയ്ക്ക് (എൻക്വയറി 13) മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

(1) 2021-22 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഗുരുദേവ സ്കൂൾ | I & II |
| 2 | സാഫിൽ ഇൻഡസ്ട്രീസ് | I & II |

മുകളിൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(2) റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(3) സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

1-13 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നം, പേര്, അടങ്കൽ തുക (₹), ഫണ്ട്, സ്ഥാപനം | ചെലവഴിച്ച തുക (₹) (ബിൽ നം) | തടസ്സപ്പെടുത്തുന്ന തുക (₹) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | പ്രോ. നം. 44/22 ജീവനം – പഞ്ചായത്ത് വിഹിതം നല്കൽ- 2,00,000/- വികസനഫണ്ട് ജനറൽ | തുക 2,00,000/- ബിൽ നം. 6/3-8-21 | 2,00,000/- | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| 2 | 280/22 കുഴൽകിണർ സ്ഥാപിക്കൽ 13,31,200/- സി.എഫ്.സി.ഗ്രാന്റ് | തുക 13,31,200/- വൗച്ചർ നം 22101216/ 30-3-22 | 13,31,200/- | വിശദമായ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| 3 | 75/22 എസ്.എസ്.എ. വിഹിതം നല്കൽ- 6,00,000/-വികസനഫണ്ട് | തുക 6,00,000/- ബിൽ നം 6/3-8-21, | 6,00,000/- | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

| | | | | |
|---|---|---|---|---|
| | ജനറൽ | | | |
| 4 | 243/22 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങ് 30,775/- | ബിൽ നം 26/27-1-22, തുക 10,673/-, ബിൽ നം 29/19-2-22 തുക 5,493-, ബിൽ നം 40/23-3-22, തുക 14609/-, | 30,775/- | വിശദമായ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| 5 | 3//22 എെ.കെ.എമ്മിന് വിഹിതം നല്കൽ 1,00,000/- വികസനഫണ്ട് ജനറൽ | തുക 1,00,000/- ബിൽ നം 8/3-8-21 | 1,00,000/- | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| | | ആകെ | 22,61,975/- | |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു, പ്രവർത്തിപൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം – 10/28-11-22

തടസ്സപ്പെടുത്തുന്ന തുക – 22,61,975/- രൂപ

1-14 തെരുവ് വിളക്ക് പരിപാലനം -മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക് പരിപാലനപദ്ധതിയുടെ പരിശോധനയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച മാർഗ്ഗരേഖാ (15-9-11ലെ 3055/ഡി.എ.3/2011 Lsgd) നിർദ്ദേശങ്ങളോ പഞ്ചായത്ത് ഡയറക്ടറുടെ 17-8-15ലെ ജി244274/2015-ാം നമ്പർ നടപടിക്രമങ്ങളോ പാലിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടു.

തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം കെ.എസ്.ഇ.ബി. അധികൃതരും തദ്ദേശ സ്വയംഭരണാധികാരികളും സംയുക്ത പരിശോധന നടത്തി പോസ്റ്റ് നം. സഹിതം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പരാതി രേഖപ്പെടുത്തുന്നതിനായി കോണ്ടാക്റ്റ് നമ്പറുകൾ പരസ്യപ്പെടുത്തേണ്ടതും തെരുവുവിളക്കുകളുടെ സ്ഥാപിക്കൽ, പരിപാലനം എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കി സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടെ വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം തെരുവുവിളക്കുകൾ റിസർവ് ആയി കരുതാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും പോസ്റ്റുകളിൽ നിന്ന് അഴിച്ച് മാറ്റുന്ന കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റിക്കൺസിൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയ എല്ലാ ഉപകരണങ്ങളും 18 വാർഡ് മെമ്പർമാർക്കുമായി തുല്യമായി വീതിച്ച് നല്കിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓരോ വാർഡിലേയും മാറ്റിയിടേണ്ട/ മെയിന്റനൻസ് നടത്തേണ്ട തെരുവ് വിളക്കുകളുടെ എണ്ണം നിശ്ചയിക്കാതെ വാങ്ങുന്ന ഉപകരണങ്ങൾ 18 വാർഡ്

മെമ്പർമാർക്കുമായി തുല്യമായി വീതിച്ച് നൽകുന്ന നടപടി അവസാനിപ്പിക്കേണ്ടതും കംപ്ലൈന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ച് ആനുപാതികമായിമാത്രം ഉപകരണങ്ങൾ വിതരണം ചെയ്യേണ്ടതുമാണ്. കൃത്യമായ ആവശ്യകത നിർണ്ണയിച്ച മാത്രം ഉപകരണങ്ങൾ വാങ്ങേണ്ടതും ടി ഉപകരണങ്ങളുടെ വാറന്റി പ്രയോജനപ്പെടുത്തേണ്ടതുമാണ്. നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തിയ 500 തെരുവു വിളക്കുകളുടെ പോസ്റ്റ് നം. ഉൾപ്പെടെയുള്ള വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച ഉത്തരവിലെ നടപടിക്രമങ്ങൾ പാലിച്ച് തെരുവ് വിളക്ക് പരിപാലനം സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.

## 1-15 മണ്ണ് നിറക്കൽ പ്രവൃത്തി:കരാറുകാരന്റെ മണ്ണ് നിറച്ചതിൽ Consolidation കുറവ് വരുത്തിയില്ല.

പ്രോജക്ട് നമ്പർ 239/22, (വേങ്കുഴി മാടശ്ശേരി റോഡ്-സൈഡ് വാൾ നിർമ്മാണം)
അടങ്കൽ തുക – 6,76,000/-രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)
ചെലവ് – 4,27,463/-രൂപ (ബിൽ നം. 63 /17.03.22)
കരാറുകാരൻ - ശ്രീ. സുരേഷ് കുമാർ റ്റി.
കരാർ നം. 30/AE/LSGD/KPA/21-22 Dtd.16.10.2021.
എം. ബുക്ക് നമ്പർ. 46/21-22
പ്രവൃത്തിയുടെ റിവൈസ് ചെയ്ത എസ്റ്റിമേറ്റിന്റെ എക്സ്ട്രാ ഇനമായി Filling Contractor’s Own Earth In Open Areas In Layers Not Exceeding 20 Cm In Depth Consolidating Each Layer By Ramming And Waterig... (Od 699617/2020-21) എന്ന ഇനം പ്രവൃത്തി ചെയ്ത 142.965$m^3$ അളവിൽ നിന്നും, എസ്റ്റിമേറ്റിന്റെ ഒന്നാം ഇനം പ്രവർത്തിയിലൂടെ (11.1.1.1) കുഴിച്ചെടുത്ത മണ്ണ് 36.987m3 കുറവ് വരുത്തി 105.987m3 ന് 256.07/$m^3$ നിരക്കിൽ (കരാർ നിരക്ക്) 27,137.79/-രൂപ അനുവദിച്ച നൽകിയിട്ടുള്ളതായികാണുന്നു. ആകെ അളവിൽനിന്നും സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷൻ 2019 ഖണ്ഡിക 2.11.5 ൽ പരാമർശിക്കുന്ന 10% കൺസോളിഡേഷൻ കുറവ് വരുത്താത്തത് മൂലം 4,100/-രൂപ ((14.2965$m^3$@256.07)+12% ജി.എസ്.ടി.) നഷ്ടമുണ്ടായി.

വിഷയത്തിൻ മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തുന്നതാണെന്ന മറുപടി ലഭ്യമാക്കി. 4,100/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 3/28.11.2022.

## 1-16 കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു - അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല

കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No. 13/2012/PWD തീയതി 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C. തുകയുടെ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി, പഞ്ചായത്തുകമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ദീർഘിപ്പിച്ച നൽകിയിട്ടുള്ളതായി കാണുന്നില്ല. അവസാന ബിൽ തുക നൽകിയപ്പോൾ ചട്ടപ്രകാമുള്ള ഫൈൻ ഈടാക്കിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. SO 135/22 (തേവരുപൊയ്ക ഇളനീർക്കര റോഡ്)
അടങ്കൽ തുക 4,90,000/-രൂപ (മെയിന്റനൻസ് ഫണ്ട്).
ചെലവ് തുക 4,05,308/-രൂപ (ബിൽ നം. 40/13.01.22)

കരാറുകാരൻ - ശ്രീ. ഷിജു ജെ
എഗ്രിമെന്റ് നം. 54/AE/LSGD/KPA/20-21/19.10.2020.
ടി.എസ്. നം. 57242/20-21
എം. ബുക്ക് നം. 22/21-22
എഗ്രീഡ് പി.എ.സി. 3,62,272/-രൂപ (436472.63x(-)17%)
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം: 4 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 19.10.2020 (Site Handed Over)
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 8.10.2021.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയതി : 18.08.2021. (6മാസം ദീർഘിപ്പിച്ചതിനുശേഷമുള്ള പൂർത്തീകരണ തീയതി (GO (Rt)1444/21/LSGD/31.7.21))
വൈകിയ കാലയളവ് : 51 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ : 2,639/-രൂപ (362272/-രൂപ X0.1% X51/7).
ഈടാക്കിയ ഫൈൻ : ഇല്ല.

വിഷയത്തിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക്, തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക വരുത്തുന്നതാണെന്ന മറുപടി ലഭ്യമാക്കി.

2,639/-രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്ക വരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 5/28.10.22.

1-17 ഒഴിഞ്ഞ ബാരലിന്റെ വില 1686/-രൂപ ഈടാക്കണം

2021-22 വർഷത്തിൽ നടപ്പിൽ വരുത്തിയ ചുവടെ ചേർക്കുന്ന റീടാറിഗ് പ്രവർത്തിക്ക് അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം Packed Bitumen Rate അനുവദിച്ച് നൽകിയിരുന്നെങ്കിലും, ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണാധികാരി – അസി. എഞ്ചിനീയർ.
അടങ്കൽ തുക – 6,00,000/-രൂപ(MF-Road)
M-Book No. 58/21-22

| ക്രമ നം | പ്രവർത്തിയുടെ പേര്/ പ്രോജക്ട് നമ്പർ | ഉപയോഗിച്ച ബിറ്റുമിൻ ഇനം/ അളവ് | ആകെ ബാരലുകളുടെ എണ്ണം | തുക (₹) | കരാറുകാരൻ |
|---|---|---|---|---|---|
| 1. | കരീപ്ര-ജവാൻമുക്ക് റോഡ് മെയിന്റനൻസ് (15/22) | S65-701kg, RS1-258kg | 6 | 1,686/-(@281/-) | ശ്രീ. സുരേഷ്കുമാർ റ്റി |

അപാകതയ്ക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക വരുത്തുന്നതാണെന്ന മറുപടി ലഭ്യമാക്കി.
തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്ക വരുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 6/28.11.22.

1-18 ദേശീയ തൊഴിലുറപ്പ് പദ്ധതി അവലോകനം

2021-2022 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 2245 കുടുംബങ്ങളിലെ 2618 വ്യക്തികൾക്കായി തൊഴിൽ നൽകിയ ആകെ മനുഷ്യദിനങ്ങൾ 125870 ആണ്. ഇതിൽ 100 ദിനങ്ങൾ

പൂർത്തിയാക്കിയ 864 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 4,91,85,473/-രൂപയുടെ ചെലവ്. ഭൂവികസനം, ലൈഫ് ഭവന നിർമ്മാണം, മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും തുക വിനിയോഗിച്ചത്.

രേഖകളുടെ പരിശോധന - ഓഡിറ്റ് നിരീക്ഷണങ്ങൾ

1. 2020-21 വർഷത്തിൽ 77 മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾക്കായി 2,34,81,737/- രൂപ ചെലവഴിച്ചതായി ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ വ്യക്തമാക്കുന്നു. എന്നാൽ പ്രവൃത്തികളുടെ അളവുകൾ M-book ൽ രേഖപ്പെടുത്തി കാണുന്നില്ല. ചെയ്ത പ്രവൃത്തികളുടെ അളവുകൾ കണക്കിലെടുക്കാതെ മസ്റ്റർ റോളിന്റെ അടിസ്ഥാനത്തിൽ മാത്രം പദ്ധതിപ്പണം ചെലവഴിച്ചു.

2. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമെറ്റ് തയ്യാറാക്കുന്നു.

3. ലൈഫ് ഭവനം, റോഡ് നിർമ്മാണം, കിണർ, തൊഴുത്ത് നിർമ്മാണം, ആട്ടിൻക്കൂട് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ സൂക്ഷിക്കുന്നില്ല.

4. റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ, മെറ്റീരിയൽ സപ്ലൈ ചെയ്തതിന്റെ ബില്ലുകൾ അക്രഡിറ്റഡ് എഞ്ചിനീയറുടെ ശിപാർശ കൂടാതെതന്നെ സെക്രട്ടറി പാസ്സാക്കുന്ന രീതി അനുവർത്തിക്കുന്നതായി കാണുന്നു. പ്രവൃത്തി സ്ഥലത്ത് കരാറുകാരൻ എത്തിക്കുന്ന മെറ്റീരിയലുകളുടെ അളവും ഗുണനിലവാരവും ഉത്തരവാദപ്പെട്ട ആരും തന്നെ പരിശോധിച്ച് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

5. ലൈഫ് ഭവന നിർമ്മാണത്തിന്റെ ഘട്ടങ്ങൾ സംബന്ധിച്ച സാക്ഷ്യപത്രം വി.ഇ.ഒ.മാരിൽ നിന്നും തൊഴിലുറപ്പ് വിഭാഗം ലഭ്യമാക്കി ഫയലിൽ ഉൾപ്പെടുത്തുന്നില്ല. അതിനാൽ മസ്റ്റർ റോളുകളുടെ കൃത്യത, സുതാര്യത എന്നിവ ഉറപ്പാക്കുന്നതിന് പ്രാപ്തമല്ല.

6. നിർമ്മാണ പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.2012 –ലെ സർക്കാർ ഉത്തരവ് (കൈ) 93/2012/ത.സ്വ.ഭ.വ. ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല.

7. Material Supply ചെയ്യുന്ന കരാറുകാരിൽ നിന്നും GST-TDS ഈടാക്കി ഒടുക്കുവരുത്തിയിട്ടില്ല.

മേൽ വിഷയം ഭരണ സമിതി, വികസന സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവരുടെ ശ്രദ്ധയ്ക്കും, അപാകതകൾ പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾക്കുമായി കൊണ്ടുവരുന്നു.

ഓഡിറ്റ് എൻക്വയറി നം. 7/28.11.2022.

1-19 കന്നുകുട്ടി പരിപാലന പദ്ധതി-സബ്സിഡി തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതി | കന്നുകുട്ടി പരിപാലന പദ്ധതി (58/22) |
| അടങ്കൽ തുക | 4,50,000/-രൂപ ( വികസന ഫണ്ട്)<br>4,50,000/-രൂപ (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>9,00,000/-രൂപ (മറ്റുള്ളവ) |
| ചെലവ് തുക | 4,50,000/-രൂപ (ബിൽ നം. 5/26.11.21) |

2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും 72 കന്നുകുട്ടികൾക്കുള്ള വിഹിതമായി 12,500/- രൂപ നിരക്കിൽ 4,50,000/-രൂപ അസിസ്റ്റൻറ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീമിലേക്ക് ഒടുക്കു വരുത്തിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയതിൽ 3,73,872/- രൂപ വിനിയോഗിക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി തുക പൂർണ്ണമായും വിനിയോഗിക്കുന്നതു വരെ 3,73,872/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക പൂർണ്ണമായും വിനിയോഗിച്ച് വിവരം അറിയിക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 3,73,872/-രൂപ

1-20 ലൈഫ് ഭവന നിർമ്മാണ പദ്ധതി- വീടുകൾ പൂർത്തീകരിച്ചില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ടിരുന്ന ഗുണഭോക്താക്കളിൽ 3 പേർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഒരു വീട് പൂർത്തീകരിക്കുന്നതിനായി ഒരു ഗുണഭോക്താവിന് നാല് ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

2021-22 സാമ്പത്തിക വർഷത്തിൽ കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുകകൾ കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

പ്രോജക്റ്റ് നം. – 180/22 ലൈഫ് ഭവന നിർമ്മാണം

| ക്രമ നം | ഗുണഭോക്താവിന്റെ പേര് (ശ്രീ /ശ്രീമതി) | അനുവദിച്ച തുക ₹ | തുക അനുവദിച്ച തീയതി |
|---|---|---|---|
| 1 | ഗോപി,കിഴക്കനത്ത് കിഴക്കതിൽ, ഇലയം, വാർഡ് നം. 6 | 40,000/- | 06.08.21 |
| 2 | മോഹനൻ, ചന്ദ്രോദയം, കരീപ്ര, വാർഡ് നം. 8 | 40,000/- | 06.08.21 |
| 3 | സന്ധ്യ കൃഷ്ണൻ, കൃഷ്ണകൃപ, പ്ലാക്കോട്, വാർഡ് നം.7 | 40,000/-<br>1,60,000/- | 06.08.21<br>06.10.21 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്റ്റ് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് നാളിതുവരെ അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 11/28.11.2021.

1-21 MGNREGS-റോഡ് കോൺക്രീറ്റിങ് പ്രവൃത്തി-അളവിൽ കുറവ്.

പ്രവൃത്തി : മുളവൂക്കോണം കുന്നംവട്ടം ഏലാ അംബാജി റോഡ് കോൺക്രീറ്റ്. (RC/323767)
M-Book No. 277/21-22
എസ്റ്റിമേറ്റ് തുക: 3,67,212/-രൂപ
ചെലവ് തുക: 3,36,828/-രൂപ
FTO Nos.
1483944/5.3.22: 17,458/-രൂപ
1483892/5.3.22: 12,642/-രൂപ
0121EATPAYRFEQ2206202216283/22.6.22: 29,600/-രൂപ
0121EATPAYRFEQ1411202216203/14.11.22: 2,77,128/-രൂപ

പരാമർശ റോഡ് 26-11-2022ന് പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ, അക്രഡിറ്റഡ് ഓവർസീയർ എന്നിവരുടെ സാന്നിധ്യത്തിൽ ഭൗതിക പരിശോധന നടത്തിയതിൽ, 12 മീറ്റർ നീളത്തിൽ ചുവടെ ചേർക്കും പ്രകാരമുള്ള അളവുകളോടുകൂടിയ കോൺക്രീറ്റ് പ്രവൃത്തികളുടെ നിർവ്വഹണം നടത്താതെയാണ് എം. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാകുന്നു. ഇത്തരത്തിൽ 4,549/-രൂപയുടെ അധിക ചെലവുണ്ടായി.

1. 2.2.8.1 Surface Dressing... 12x(2+2.4/2)=26.4m2@9.487 =250.45/-രൂപ
2. 4.1.8. Providing And Laying In Position CC1:4:8..
12x(2+2.4/2)x0.10=2.64m3@5672.89 = 14,976.43/-രൂപ
3. 4.1.3 Providing And Laying In Position CC1:2:4..

12x(2+2.4/2)x0.05=1.32m3@6984.08 = 9,218.98/-രൂപ

ആകെ: 24,445.83/-രൂപ

M-Book പ്രകാരം കണക്കാക്കിയിരിക്കുന്ന ആകെ പ്രവൃത്തി മൂല്യം 3,56,725/-രൂപയാണ്. എന്നാൽ മസ്റ്റർ റോളുകളുടെയും ബില്ലുകളുടെയും അടിസ്ഥാനത്തിൽ 3,36,828/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേൽ പ്രവർത്തിയിൽ 12 മീറ്റർ റോഡ് കോൺക്രീറ്റിംഗിന് നൽകിയ 24,445.83/-രൂപ നിർവ്വഹണോദ്യോഗസ്ഥനായ അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇത് സംബന്ധമായി വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ബിൽ തുക ഭാഗികമായി മാത്രമാണ് നൽകിയിട്ടുള്ളതെന്നും ശേഷിക്കുന്ന തുകയിൽ ക്രമീകരിക്കുന്നതാണ് എന്നുമുള്ള അക്രഡിറ്റഡ് ഓവർസീയറുടെ വസ്തുതാ വിരുദ്ധമായ വിശദീകരണം അതേപടി മുഖപത്രത്തോടുകൂടി ഓഡിറ്റിന് സമർപ്പിച്ച അക്രഡിറ്റഡ് എഞ്ചിനീയറുടെ നടപടി കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു.

ടി പ്രവർത്തിയുടെ നാമമാത്ര ചെലവു മാത്രമാണ് 2021-22 വർഷം ചെയ്തിട്ടുള്ളത്. 3,06,228/-രൂപയുടെ ചെലവ് 2022-23 സാമ്പത്തിക വർഷമായതിനാൽ പ്രവർത്തി ചെയ്യാതെ അധികമായി നൽകിയതായി പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ട തുക അടുത്ത വർഷത്തെ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം. 8/28.11.22

1-22 കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ ഭീമമായ തുക ഒടുക്കു വരുത്തുന്നു

കരീപ്ര ഗ്രാമ പഞ്ചായത്തിൽ 440 എണ്ണം ടാപ്പുകൾക്കായി ടാപ്പൊന്നിന് 5,512.5/- രൂപ നിരക്കിൽ പ്രതിമാസം 2,02,143/- രൂപ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുകയും ടി തുക ഒടുക്കു വരുത്തുകയും ചെയ്യുന്നു. 2021-22 വർഷം വെള്ളക്കരമിനത്തിൽ 24,25,716/-രൂപ വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കു വരുത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ഒടുക്കിയ തുക (₹) | ചെലവ് വിവരം |
|---|---|---|
| 4/21 | 2,02,143/- | 023367/27.4.21 |
| 5/21<br>6/21 | 4,04,286/- | 023636/14.6.21 |
| 7/21 | 2,02,143/- | 023667/13.7.21 |
| 8/21 | 2,02,143/- | 024252/11.8.21 |
| 9/21 | 2,02,143/- | 024285/16.9.21 |
| 10/21 | 2,02,143/- | 024334/13.10.21 |
| 11/21 | 2,02,143/- | 024741/30.11.21 |
| 12/21 | 2,02,143/- | 024776/24.12.21 |
| 1/22 | 2,02,143/- | 0300445/28.1.22 |
| 2/22 | 2,02,143/- | 0300465/23.2.22 |
| 3/22 | 2,02,143/- | 0300489/19.3.22 |
| ആകെ | 24,25,716/- | |

പഞ്ചായത്തിൽ വർഷങ്ങളായി ഗാർഹിക കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നു. ഗാർഹിക കണക്ഷനും നൽകി വരുന്നു. എന്നിട്ടും പ്രതിമാസം രണ്ട് ലക്ഷം രൂപയോളം വെള്ളക്കരമിനത്തിൽ തുക ചെലവഴിക്കേണ്ടി വരുന്നു. ആയതിനാൽ വാർഡുകളിലെ പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ കണക്ഷനുകൾ ഒഴിവാക്കി പഞ്ചായത്തിലെ ഭീമമായ ചെലവ്

ഒഴിവാക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വാട്ടർ അതോറിറ്റി നൽകിയിട്ടുള്ള ഡിമാന്റ് നോട്ടീസിലെ തുകകൾ ഗ്രാമപഞ്ചായത്ത് ഒടുക്കിയ തുക കുറച്ചും ടാപ്പുകളുടെ എണ്ണം കണക്കാക്കിയുള്ളതാണെന്നും ഉറപ്പുവരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 ഭവന പുനരുദ്ധാരണം (എസ്.സി) വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിരക്കിനേക്കാൾ അധികം തുക അനുവദിച്ചു.

വീട് വാസയോഗ്യമാക്കൽ (എസ്.സി.) പദ്ധതിയിൽ വീട് വാസയോഗ്യമാക്കലിനായി ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ നിരക്കിനേക്കാൾ അധികമായി തുക അനുവദിച്ചിരിക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| പദ്ധതി,നം | വീട് വാസയോഗ്യമാക്കൽ (എസ്.സി), 47/22 |
| അടങ്കൽ തുക | 17,00,000/-രൂപ (വികസന ഫണ്ട് എസ്.സി.പി )<br>23,50,000/-രൂപ (തനത് ഫണ്ട്) |
| ചെലവ് തുക | 17,00,000/-രൂപ &3,75,000/-രൂപ<br>1) 3,00,000/-രൂപ – 19/2.11.21<br>2) 75,000/-രൂപ – 20/3.11.21<br>3) 3,75,000/-രൂപ – 21/3.11.21<br>4) 1,12,500/-രൂപ – 23/11.11.21<br>5) 1,87,500/-രൂപ – 24/18.11.21<br>6) 2,62,500/-രൂപ – 26/27.11.21<br>7) 75,000/-രൂപ – 29/6.1.22<br>8) 2,25,000/-രൂപ – 30/6.1.22<br>9) 1,87,500/-രൂപ – 40/8.2.22<br>10) 75,000/-രൂപ – 41/8.2.22<br>11) 1,62,500/-രൂപ – 47/8.2.22<br>12) 1,00,000/-രൂപ – 3916280/11.2.22<br>13) 37,500/-രൂപ – 3916280/11.2.22 |

ടി പദ്ധതിയിൽ ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് അധികരിച്ച് തുക അനുവദിച്ചതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | ഓവർസിയറിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക (₹) | അനുവദിച്ച തുക (₹) | വ്യത്യാസം (₹) |
|---|---|---|---|
| മനോജ്, മധു മന്ദിരം, ഇടയ്ക്കിടം | 52,463/- | 75,000/- | 22,537/- |

എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയും പണി പൂർത്തീകരിച്ചതിന് ശേഷം വാല്യുവേഷന്റെ അടിസ്ഥാനത്തിൽ അധികം തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിക്കുകയും ചെയ്യണമെന്നിരിക്കെ ഈ മാനദണ്ഡങ്ങൾ പാലിക്കാതെ വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ നിരക്കിനേക്കാൾ അധികമായി തുക അനുവദിച്ചു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ഗുണഭോക്താവ് പണി പൂർത്തീകരിച്ചു എന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓവർസിയറോട് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനായി ആവശ്യപ്പെടുകയും 52,463/-രൂപയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്തു. ഈ വിവരം ഗുണഭോക്താവിനെ അറിയിക്കുകയും മുഴുവൻ പണിയും പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. പണി മുഴുവൻ പൂർത്തിയാക്കിയെന്ന് ഗുണഭോക്താവ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നിർവഹണ ഉദ്യോഗസ്ഥ സ്ഥല പരിശോധന നടത്തുകയും പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെടുകയും ചെയ്തുവെന്നും ആയതിനാൽ മുഴവൻ പണി ചെയ്തതിന്റേയും അടിസ്ഥാനത്തിലുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ്

ഹാജരാക്കുന്നതാണെന്നും അറിയിച്ചു. വാല്യുവേഷൻ അധികരിച്ച് നൽകിയ 22,537/-രൂപ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കി ഒടുക്ക വരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 11/28.11.22

നിരാകരിച്ച തുക – 22,537/-രൂപ

1-24 ദേശീയ തൊഴിലുറപ്പ് പദ്ധതി-M-BOOK പ്രകാരം മൂല്യം കണക്കാക്കിയതിലും അധികമായി ബിൽ തുക സെക്രട്ടറി അംഗീകരിച്ചു.

പ്രവൃത്തി : വ്യക്തിഗത കാലിതൊഴുത്ത് നിർമ്മാണം – അനിൽകുമാർ, തെങ്ങുവിളയിൽ വീട്, തലവൂർക്കോണം.(IF/641793)

പ്രവൃത്തിയുടെ എം. ബുക്ക് നം. 182/21-22 പ്രകാരം കണക്കാക്കിയിരിക്കുന്ന ആകെ പ്രവൃത്തിമൂല്യം 98,804.86/-രൂപ ആണെന്നിരിക്കെ 1,08,055/-രൂപയുടെ ചെലവുകൾ എം-ബുക്കിൽ സെക്രട്ടറി അംഗീകരിച്ച് സാക്ഷ്യപ്പെടുത്തുകയും ഭാഗികമായി ബിൽ തുക വിതരണം ചെയ്യുകയും ചെയ്തു. അക്രഡിറ്റഡ് എഞ്ചിനീയറുടെ ശിപാർശ കൂടാതെയാണ് ഇത്തരത്തിൽ തുക പാസ്സാക്കിക്കാണുന്നത്. ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
FTO Nos.
1274152/29.1.22 : 4,074/-രൂപ
1324234/7.2.22 : 2,910/-രൂപ
1618634/25.3.22 : 2,910/-രൂപ
2216444/16.5.22 : 27,400/-രൂപ
ആകെ : 37,294/-രൂപ
കൂടാതെ മെറ്റീരിയൽ കോസ്റ്റ് ഇനത്തിലുള്ള 70,761/-രൂപായുടെ FTO നൽകാനുമവശേഷിക്കുന്നു.
ഇത്തരത്തിൽ 9,250/-രൂപ അർഹമായതിലും അധികമായി അംഗീകരിച്ചു നൽകാനുണ്ടായ സാഹചര്യം ഓഡിറ്റിന് വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. FTO നൽകാൻ ശേഷിക്കുന്ന തുകയിൽ 9,250/-കുറവ് ചെയ്യേണ്ടതും ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം. 13/28.11.2022.

1-25 നിർവ്വഹണാധികാരികൾ പദ്ധതികളുടെ നിർവ്വഹണം നടത്താത്തത് സംബന്ധിച്ച്.

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകളും കണക്കുകളും പ്രകാരം അസിസ്റ്റന്റ് സെക്രട്ടറിയുടെ നിർവ്വഹണാധികാരത്തിൽ
1. ആശ്രയ പദ്ധതി (അടങ്കൽ : 2,00,000/-രൂപ),
2. വിശപ്പ് രഹിത കേരളം (അടങ്കൽ : 1,00,000/-രൂപ),
3. കാർഷിക ഉത്പ്പന്ന സംസ്കരണ യൂണിറ്റ് (അടങ്കൽ : 2,92,369/-രൂപ),
4. SC വിദ്യാർത്ഥികൾക്ക് പഠനോപകരണം (അടങ്കൽ : 2,70,000/-രൂപ) എന്നിങ്ങനെ പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. എന്നാൽ ഇതിൽ SC വിദ്യാർത്ഥികൾക്ക് പഠനോപകരണം എന്ന പദ്ധതി മാത്രമാണ് നടപ്പിൽ വരുത്തിക്കാണുന്നത്.
കൂടാതെ ഹെഡ് മാസ്റ്ററുടെ നിർവ്വഹണാധികാരത്തിൽ പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കിയതുമില്ല.
ഇത്തരത്തിൽ പദ്ധതി നിർവ്വഹണത്തിൽ കുറവു വരുത്താനും, ഹെഡ്മാസ്റ്ററെ പദ്ധതി നിർവ്വഹണം ഏൽപ്പിക്കാതിരിക്കാനുമുണ്ടായ സാഹചര്യം ഓഡിറ്റിന് വിശദീകരിക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിഷയത്തിൻമേൽ രേഖാമൂലമുള്ള വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 12/28-11-2022.

1-26 ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാപഞ്ചായത്ത്

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇ- ടെണ്ടർ ഫാറ വില ഇനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതും, കരിമ്പ്ര ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുള്ളതുമായ തുകകളുടെ 2015-16 സാമ്പത്തിക വർഷം മുതലുള്ള വിവരങ്ങൾചുവടെ ചേർക്കുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | തുക (₹) |
|---|---|---|
| 1 | 2015-16 | 24,900/- |
| 2 | 2017-18 | 52,300/- |
| 3 | 2018-19 | 47,508/- |
| 4 | 2019-20 | 1,90,208/- |
| 5 | 2020-21 | 1,17,890/- |
| ആകെ | | 4,32,806/- |

2016-17, 2021-22 സാമ്പത്തിക വർഷങ്ങളിലെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശ തുകകൾ തിരികെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് നം.(സാധാ)3186/2017 ത.സ്വ.ഭ.വ. തീയതി 02-10-2017 പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ പ്രത്യേക അക്കൗണ്ട് തുടങ്ങാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. നാളിതുവരെ ഇത്തരത്തിൽ അക്കൗണ്ട് ആരംഭിക്കുകയോ പ്രവർത്തനക്ഷമമാക്കുകയോ ചെയ്യാതിരുന്നത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. ഈ ഇനത്തിൽ കിട്ടാനുള്ള തുകകൾ പൂർണ്ണമായും ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും, തുകകൾ കിട്ടാനുണ്ടെങ്കിൽ ആയതുകൂടി ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതുമാണ്.

1-27 മിനി എം.സി.എഫ്-പദ്ധതി പൂർത്തീകരണം വൈകുന്നു-10,00,000/-രൂപായുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

കരിമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 18 വാർഡുകളിലും 2 വീതം 36 എണ്ണം മിനി എം.സി.എഫ് കൾ വീതം സ്ഥാപിക്കാൻ ലക്ഷ്യമിട്ടാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.
പ്രോജക്റ്റ് നം. 110/22.
അടങ്കൽ തുക 15,00,000/-രൂപ (ധനകാര്യ കമ്മീഷൻ അവാർഡ് – 12,75,200/-രൂപ, കേന്ദ്രാവിഷ്കൃത ഫണ്ട് 2,24,800/-രൂപ)
നിർവ്വഹണാധികാരി – അസിസ്റ്റന്റ് എഞ്ചിനീയർ.
പദ്ധതിയുടെ നടത്തിപ്പിനായി അക്രഡിറ്റഡ് ഏജൻസിയായ ഐ.ആർ.ടി.സി.മുണ്ടൂർ എന്ന സ്ഥാപനത്തെ അംഗീകരിച്ച് പഞ്ചായത്ത് ഭരണസമിതി ഐക്യകണ്ഠേന തീരുമാനമെടുത്തു. (തീരുമാനം നം. 1(3)/14.02.2022). തുടർന്ന് 8.3.2022ൽ ഐ.ആർ.ടി.സി. യുമായി അസിസ്റ്റന്റ് എഞ്ചിനീയർ ധാരണാപത്രം ഒപ്പിട്ടു. വ്യവസ്ഥ നം. 2 പ്രകാരം ആകെ 14,78,000/-രൂപയാണ് ഐ.ആർ.ടി.സി ക്ക് നൽകേണ്ടത്. വ്യവസ്ഥ നം.4 പ്രകാരം അടങ്കൽതുക പൂർണ്ണമായോ, 20% വീതം ഗഡുക്കളായോ നൽകാവുന്നതാണ്. മുൻകൂറായി നൽകുന്ന തുകയുടെ 90% വിനിയോഗിച്ച് സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് അടുത്ത ഗഡു നൽകണം. വ്യവസ്ഥ നം.4 പ്രകാരം, തുക കൈപ്പറ്റി 3 മാസങ്ങൾക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കണം. 8.3.22ൽ IRTC-PIU/266/2033/21 നമ്പർ കത്ത് പ്രകാരം ആദ്യ ഗഡു തുക 2,95,600/-രൂപ സ്ഥാപനം ആവശ്യപ്പെട്ടു. എന്നാൽ ഇ-ഗ്രാമസ്വരാജ് സോഫ്റ്റ് വെയറിൽ സ്പിൽഓവർ പദ്ധതി ഉൾപ്പെടുത്താൻ കഴിയില്ല എന്ന കാരണത്താൽ ടി ഇനത്തിലുള്ള മുഴുവൻ തുകയും മുൻകൂറായി നൽകാൻ 9.3.2022ലെ 7(6) നമ്പർ പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു. ആയതിന്റെ അടിസ്ഥാനത്തിൽ 10,00,000/-രൂപ ബിൽ

നം. 22101217/30.3.22 പ്രകാരം പിൻവലിക്കുകയും നിയമാനുസൃത കിഴിവുകൾക്കുശേഷം ഐ.ആർ.ടി.സിക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

10,00,000/-രൂപ മുൻകൂർ കൈപ്പറ്റിയിട്ടും പദ്ധതി പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിച്ച് ബിൽ സമർപ്പിക്കാൻ ഐ.ആർ.ടി.സി ക്ക് നാളിതുവരെ (29.11.2022) കഴിഞ്ഞിട്ടില്ല. കരാർ ലംഘനം നടന്നതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. പദ്ധതി പൂർത്തീകരണരേഖകളുടെ അഭാവത്തിൽ മുൻകൂർ നൽകിയ 10,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച്, രേഖകൾ ഹാജരാക്കി, ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മണ്ണ് നിറക്കൽ പ്രവൃത്തി:4,100/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ 239/22, (വേങ്കുഴി മാടശ്ശേരി റോഡ്-സൈഡ് വാൾ നിർമ്മാണം)
അടങ്കൽ തുക – 6,76,000/-രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)
ചെലവ് – 4,27,463/-രൂപ (ബിൽ നം.63 /17.03.22)
കരാറുകാരൻ - ശ്രീ. സുരേഷ് കുമാർ റ്റി.
കരാർ നം. 30/AE/LSGD/KPA/21-22 Dtd.16.10.2021.
എം. ബുക്ക് നമ്പർ – 46/21-22.
പ്രവൃത്തിയുടെ റിവൈസ് ചെയ്ത എസ്റ്റിമേറ്റിന്റെ എക്സ്ട്രാ ഇനമായി Filling Contractor's Own Earth In Open Areas In Layers Not Exceeding 20 Cm In Depth Consolidating Each Layer By Ramming And Waterig... (Od 699617/2020-21) എന്ന ഇനം പ്രവൃത്തിചെയ്ത 142.965m$^3$അളവിൽ നിന്നും, എസ്റ്റിമേറ്റിന്റെ ഒന്നാം ഇനം പ്രവർത്തിയിലൂടെ (11.1.1.1) കുഴിച്ചെടുത്ത മണ്ണ് 36.987m$^3$ കുറവ് വരുത്തി 105.987m$^3$ ന് 256.07/m$^3$ നിരക്കിൽ (കരാർ നിരക്ക്) 27,137.79/-രൂപ അനുവദിച്ച് നൽകിയിട്ടുള്ളതായികാണുന്നു. ആകെ അളവിൽനിന്നും സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷൻ 2019 ഖണ്ഡിക 2.11.5 ൽ പരാമർശിക്കുന്ന 10% കൺസോളിഡേഷൻ കുറവ് വരുത്താത്തത് മൂലം 4,100/-രൂപ (14.2965m$^3$@256.07 + 12% ജി.എസ്.ടി.) നഷ്ടമുണ്ടായി.
വിഷയത്തിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തുന്നതാണെന്ന മറുപടി ലഭ്യമാക്കി.
4,100/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 3/28.11.2022.

### 3-2 ഭവന പുനരുദ്ധാരണം (എസ്.സി) വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിരക്കിനേക്കാൾ അധികം തുക അനുവദിച്ചു.

വീട് വാസയോഗ്യമാക്കൽ (എസ്.സി.) പദ്ധതിയിൽ വീട് വാസയോഗ്യമാക്കലിനായി ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ നിരക്കിനേക്കാൾ അധികമായി തുക അനുവദിച്ചിരിക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |

| | |
|---|---|
| പദ്ധതി,നം | വീട് വാസയോഗ്യമാക്കൽ (എസ്.സി), 47/22 |
| അടങ്കൽ തുക | 17,00,000/-രൂപ (വികസന ഫണ്ട് എസ്.സി.പി )<br>23,50,000/-രൂപ (തനത് ഫണ്ട്) |
| ചെലവ് തുക | 17,00,000/-രൂപ &3,75,000/-രൂപ<br>1) 3,00,000/-രൂപ – 19/2.11.21<br>2) 75,000/-രൂപ – 20/3.11.21<br>3) 3,75,000/-രൂപ – 21/3.11.21<br>4) 1,12,500/-രൂപ – 23/11.11.21<br>5) 1,87,500/-രൂപ – 24/18.11.21<br>6) 2,62,500/-രൂപ – 26/27.11.21<br>7) 75,000/-രൂപ – 29/6.1.22<br>8) 2,25,000/-രൂപ – 30/6.1.22<br>9) 1,87,500/-രൂപ – 40/8.2.22<br>10) 75,000/-രൂപ – 41/8.2.22<br>11) 1,62,500/-രൂപ – 47/8.2.22<br>12) 1,00,000/-രൂപ – 3916280/11.2.22<br>13) 37,500/-രൂപ – 3916280/11.2.22 |

ടി പദ്ധതിയിൽ ഓവർസിയറുടെ വാല്യവേഷൻ സർട്ടിഫിക്കറ്റ് അധികരിച്ച് തുക അനുവദിച്ചതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | ഓവർസിയറിന്റെ വാല്യവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക (₹) | അനുവദിച്ച തുക (₹) | വ്യത്യാസം (₹) |
|---|---|---|---|
| മനോജ്, മധു മന്ദിരം, ഇടയ്ക്കിടം | 52,463/- | 75,000/- | 22,537/- |

എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയും പണി പൂർത്തീകരിച്ചതിന് ശേഷം വാല്യവേഷന്റെ അടിസ്ഥാനത്തിൽ അധികം തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിക്കുകയും ചെയ്യണമെന്നിരിക്കെ ഈ മാനദണ്ഡങ്ങൾ പാലിക്കാതെ വാല്യവേഷൻ സർട്ടിഫിക്കറ്റിലെ നിരക്കിനേക്കാൾ അധികമായി തുക അനുവദിച്ചു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ഗുണഭോക്താവ് പണി പൂർത്തീകരിച്ചു എന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓവർസിയറോട് വാല്യവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനായി ആവശ്യപ്പെടുകയും 52,463/-രൂപയുടെ വാല്യവേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്തു. ഈ വിവരം ഗുണഭോക്താവിനെ അറിയിക്കുകയും മുഴുവൻ പണിയും പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. പണി മുഴുവൻ പൂർത്തിയാക്കിയെന്ന് ഗുണഭോക്താവ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നിർവഹണ ഉദ്യോഗസ്ഥ സ്ഥല പരിശോധന നടത്തുകയും പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെടുകയും ചെയ്തുവെന്നും ആയതിനാൽ മുഴുവൻ പണി ചെയ്തതിന്റേയും അടിസ്ഥാനത്തിലുള്ള വാല്യവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. വാല്യവേഷൻ അധികരിച്ച് നൽകിയ 22,537/-രൂപ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 11/28.11.22
നിരാകരിച്ച തുക – 22,537/-രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 23.11.2022 & 24.11.2022 | കെ.എസ്.എ.കെ.എൽ.എം.പി6/2251/2022 തീയതി 09.01.2023 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 5,89,781/- | സമഗ്ര നെൽകൃഷിവികസനം | 5,89,781/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 4,57,648/- | ലൈഫ് ഭവന നിർമ്മാണം -ജനറൽ | 4,57,648/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 5,40,000/- | ലൈഫ് ഭവന നിർമ്മാണം - അഡീഷണൽ ലിസ്റ്റ് എസ്.സി | 5,40,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 2,50,000/- | അങ്കണവാടി പോഷകാഹാരം | 2,50,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,20,000/- | ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,20,000/- | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 34,41,400/- | ലൈഫ് ഭവന നിർമ്മാണം - അഡീഷണൽ ലിസ്റ്റ് എസ്.സി. | 34,41,400/- | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 5,89,781/- | സമഗ്ര നെൽകൃഷി വികസനം | 5,89,781/- | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1,00,000/- | അങ്കണവാടി പോഷകാഹാരം | 1,00,000/- | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1,00,000/- | ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,00,000/- | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 96,978/- | മത്സ്യ സുഭിക്ഷത | 96,978/- | - |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| ഭൂഗർഭജല വകുപ്പ് | കുഴൽക്കിണർ സ്ഥാപിക്കൽ | 22101216/ 30.03.2022 | 13,31,200/- | 0 | 13,31,200/- |
| ഇറിഗേഷൻ വകുപ്പ് | കൽച്ചിറ കടിവെള്ള പദ്ധതി തടയണ അറ്റകുറ്റപണി | ബിൽ നം.39/ 21.3.22 | 3,00,000/- | 2,78,834/- | 21,166/- |
| കെ.എസ്.ഇ.ബി. | ലൈൻ എക്സ്റ്റൻഷൻ | UTR No RBI0202263313361 RBI0602225055880 | 6,62,856/- | 6,62,856/- | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 9,00,000/- രൂപ വരവുണ്ട്. മുൻബാക്കി 24,00,000/- രൂപയുൾപ്പെടെ 33,00,000/-രൂപയിൽ 32,20,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻവർഷ വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | സ.ഉ.68/2018 തീയതി- 18/5/18 | 9,00,000/- | 1,46,62,127/- | 22,14,666/- | - | 1,33,47,461/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 25,665/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും | രസീത് നമ്പർ, തീയതി. |
|---|---|---|---|---|---|
| 1 | 1999-2000 | 21 | 131/- | സെക്രട്ടറി | 121020102907, 24.11.2021 |
| 2 | | 27 | 1,800/- | അസി. എഞ്ചിനിയർ | 121020102908, 24.11.2021 |
| 3 | 2000-2001 | 22 | 3,614/- | സെക്രട്ടറി | 121020102990, 26.11.2021 |
| 4 | 2011-12 | .02-03 | 250/- | സെക്രട്ടറി | 121020103322, 6.12.2021 |
| 5 | 2012-13 | .02-04(4) | 2500/- | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ | 121020103298, 6.12.2021 |
| 6 | 2013-14, 2014-15 | 2-.2(എ) | 100/- | ഉദയകുമാർ, ഉത്രാടം | 121020102868,24.11.2021 |
| 7 | 2013-14, 2014-15 | 2-.2(എ) | 100/- | ആർ.വിശ്വനാഥൻ | 121020102871,24.11.2021 |
| 8 | 2013-14, 2014-15 | 2-.2(എ) | 50/- | സുരേഷ് കുമാർ | 121020102872,24.11.2021 |
| 9 | 2013-14, 2014-15 | 2-.2(എ) | 100/- | ഷൈല എസ് | 121020102875,24.11.2021 |
| 10 | 2013-14, 2014-15 | 2-.2(എ) | 20/- | ഗിരീഷ് കുമാർ | 121020102876,24.11.2021 |
| 11 | 2013-14, 2014-15 | 2-.2(എ) | 50/- | ജൂലി .സി.എസ് | 121020102877,24.11.2021 |
| 12 | 2013-14, 2014-15 | 2-.2(എ) | 10/- | ഡാനിയൽ | 121020102878,24.11.2021 |
| 13 | 2013-14, 2014-15 | 2-.2(B) | 50/- | സിദ്ധാർത്ഥൻ | 121020102880,24.11.2021 |

| | | | | | |
|---|---|---|---|---|---|
| 14 | 2013-14, 2014-15 | 2-.2(ബി) | 50/- | റഹിം | 121020102881,24.11.2021 |
| 15 | 2013-14, 2014-15 | 2-.2(ബി) | 20/- | വി.രാജ് കുമാർ | 121020102882,24.11.2021 |
| 16 | 2013-14, 2014-15 | 2-.2(ബി) | 20/- | ശാന്തമ്മ | 121020102883,24.11.2021 |
| 17 | 2013-14, 2014-15 | 02-.4 | 2000/- | മാവേലി സ്റ്റോർ, നെടുമൺകാവ് | 121020102640,18.11.2021 |
| 18 | 2013-14, 2014-15 | 02-.4 | 5100/- (2013-14) | NREGS, കരീപ്ര | 121020102822, 23.11.2021 |
| 19 | 2013-14, 2014-15 | 02-.4 | 1250/- (2014-15) | സപ്ലൈകോ, നെടുമൺകാവ് | 121020102953, 26.11.2021 |
| 20 | 2013-14, 2014-15 | 02-.4 | 1250/- (2013-14) | മാവേലി സ്റ്റോർ, ഇടയ്ക്കിടം | 121020103074, 29.11.2021 |
| 21 | 2013-14, 2014-15 | 02-.4 | 2500/- (2013-14) | സപ്ലൈകോ, നെടുമൺകാവ് | 121020102954, 26.11.2021 |
| 22 | 2013-14, 2014-15 | 02-.4 | 1250/- (2014-15) | മുത്തൂറ്റ് ഫിനാൻസ്, നെടുമൺകാവ് | 121020103899, 27.12.2021 |
| 23 | 2013-14, 2014-15 | 02-.4 | 2500/- (2014-15) | സപ്ലൈകോ, നെടുമൺകാവ് | 121020102955, 26.11.2021 |
| 24 | 2016-17 | 02-.4 | 400/- | പ്രഭാകരൻ പിള്ള | 121020102904, 24.11.2021 |
| 25 | | 02-.4 | 450/- | ഗീതാരാജ് മോഹൻ | 121020102905, 24.11.2021 |
| 26 | | 02-.4 | 100/- | സുരേന്ദ്രൻ പിള്ള | 121020102906,24.11.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-2 | 2008-09 | 3-5.4 | അക്ഷയപരിശീലന പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2013-14 സ്പെഷ്യൽ റിപ്പോർട്ട് | | 2013-14 | | ബാങ്കിൽ ഒടുക്കാതെ 10 ലക്ഷത്തിലേറെ രൂപാ അപഹരിച്ചു | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (₹) (രസീത് നമ്പർ / തീയതി) ഉൾപ്പെട്ട തുക | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക(₹) | | | | | |
| 1 | 2017-18 | 03.-04 | Rajan Babu, Agriculture Officer | KSA1370/ Spl.Cell/ CSC/B2/ 2020 Dt. 24.09.2022 | 5,900/- | 5,900/- 1659258720222317 Dt. 24.09.2022 | ഇല്ല | ഇല്ല | ഇല്ല | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 4,100/- | ശ്രീമതി അനശ്രീ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 22,537/- | ശ്രീമതി പുഷ്പ സി.കെ, വി.ഇ.ഒ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 22,61,975/- | ശ്രീ. ബാലകൃഷ്ണപിള്ള, സെക്രട്ടറി |
| **1-19** | 3,73,872/- | ശ്രീമതി സൈറ റാണി കുഞ്ഞ്, വെറ്റിനറി സർജൻ |
| 1-27 | 10,00,000/- | ശ്രീമതി അനശ്രീ, അസിസ്റ്റന്റ് എഞ്ചിനീയർ |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബാലകൃഷ്ണപിള്ള, സെക്രട്ടറി | സെക്രട്ടറി, കരീപ്ര ഗ്രാമപഞ്ചായത്ത് | ശ്രീഹരി, മിയണ്ണൂർ പി.ഒ |
| ശ്രീമതി സൈറ റാണി കുഞ്ഞ്, | വെറ്റിനറി സർജൻ, | സോയ നിവാസ്, |

| | | |
|---|---|---|
| വെറ്റിനറി സർജൻ | കരീപ്ര ഗ്രാമ പഞ്ചായത്ത് | പുല്ലിച്ചിറ പി.ഒ, കൊല്ലം |
| ശ്രീമതി അനശ്രീ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കരീപ്ര ഗ്രാമപഞ്ചായത്ത് | മാണപ്പള്ളിൽ കൈലാസ് ഭവൻ<br>അവണൂർ പി.ഒ, കൊട്ടാരക്കര |
| ശ്രീമതി പുഷ്പ സി.കെ, വി.ഇ.ഒ | വി.ഇ.ഒ,<br>കരീപ്ര ഗ്രാമപഞ്ചായത്ത് | അജയ ഭവനം,<br>ആനക്കൊട്ടൂർ പി.ഒ, കൊല്ലം |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.കെ.എൽ.എം.-പി6-622/2018, 12.04.2018 | 7 |
| 1997-98 | കെ.എസ്.എ.കെ.എൽ.എം.-പി6-622/2018, 12.04.2018 | 6 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.-പി6-622/2018, 12.04.2018 | 6 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.-പി6-622/2018, 12.04.2018 | 3 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം.-പി6-622/2018, 11.04.2018 | 2 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.-പി6-622/2018, 11.04.2018 | 3 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.-പി6-622/2018, 17.04.2018 | 3 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.-പി6-622/2018, 17.04.2018 | 4 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.-പി6-622/2018, 17.04.2018 | 10 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.-പി6/977/2018, 25.05.2018 | 7 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.-പി6/742(1)/19, 31.05.2019 | 11 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.-പി6/742(2)/19, 31.05.2019 | 8 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.-പി6/742(3)/19, 31.05.2019 | 8 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.-പി6/742(4)/19, 31.05.2019 | 9 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം.-പി6/742(5)/19, 31.05.2019 | 5 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.-പി6/അദാലത്ത് 2011-12/56/22, 19.08.2022 | 9 |
| 2012-13 | കെ.എസ്.എ.കെ.എൽ.എം.-പി6/അദാലത്ത് 2012-13/56/22, 19.08.2022 | 6 |
| 2013-14 &<br>2014-15 | കെ.എസ്.എ.കെ.എൽ.എം.-പി6/അദാലത്ത് 2013-14/56/22, 19.08.2022 | 16 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.-പി6/1978/22, 02.12.2022 | 6 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.-പി6/360/21, 08.01.2022 | 11 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.-പി6/1430/20, 02.02.2021 | 9 |
| 2018-19 | കെ.എസ്.എ. കെ.എൽ.എം.പി6/1313/2019 Dt. 28-10-2020 | 10 |
| 2019-20 | കെ.എസ്.എ. കെ.എൽ.എം.പി6/1502/21 Dt. 06-04-22 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ. കെ.എൽ.എം P6/1846/2021 Dt. 16-07-22 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.